<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.266

07.11.2019-ൽ മറുപടിക്ക്

## സമുദ്ര മത്സ്യബന്ധന (നിയന്ത്രണ നിർവ്വഹണ) ബിൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**,, സണ്ണി ജോസഫ്**<br>**,, വി.ഡി.സതീശൻ**<br>**,, അനിൽ അക്കര :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | കേന്ദ്രസർക്കാർ കൊണ്ടുവന്ന സമുദ്ര മത്സ്യബന്ധന (നിയന്ത്രണ നിർവ്വഹണ) ബിൽ സംസ്ഥാനത്തെ പരമ്പരാഗത മത്സ്യമേഖലയെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (നിയന്ത്രണ നിർവ്വഹണ) ബിൽ 2019 - ന്റെ പുതുക്കിയ കരട് പ്രകാരം തീരക്കടലിലെ മത്സ്യബന്ധനം, മാനേജ്മെന്റ് എന്നിവ നിലവിലുള്ളത് പോലെ തന്നെ പൂർണ്ണമായും സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ തന്നെ നിലനിർത്തുന്നതാണ്. ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണമെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. ആദ്യം പ്രസിദ്ധീകരിച്ച കരടിൽ ഉണ്ടായിരുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഉൾപ്പെടെ ദോഷകരമായി ബാധിക്കുന്നതുമായ നിർദ്ദേശങ്ങൾ ഒഴിവാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ ഭൂരിഭാഗവും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |
| (ബി) | പന്ത്രണ്ട് നോട്ടിക്കൽ മൈലിനപ്പുറം നൂറിലേറെ കിലോമീറ്റർ വരെ പോയി മീൻ പിടിക്കുന്ന സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ജയിലിൽ അടയ്ക്കുന്ന പ്രസ്തുത ബില്ലിലെ പുതിയ വ്യവസ്ഥക്കെതിരെ സംസ്ഥാന സർക്കാർ എതിർപ്പ് അറിയിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ബാധിക്കുമായിരുന്ന ബില്ലിലെ വ്യവസ്ഥകൾക്കെതിരെ സംസ്ഥാന സർക്കാർ ചുവടെ പറയും പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്.<br><br>• 12 നോട്ടിക്കൽ മൈലിന് അപ്പുറമുള്ള (200 നോട്ടിക്കൽ മൈൽ വരെയുള്ള) പ്രദേശങ്ങളിലെ മത്സ്യബന്ധന രജിസ്ട്രേഷൻ/ ലൈസൻസ് നൽകുന്നതിന് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ ചുമതലപ്പെടുത്തണം.<br>• കേന്ദ്രസർക്കാർ കൊണ്ട് വരാനുദ്ദേശിക്കുന്ന മറൈൻ ഫിഷറീസ് (റെഗുലേഷൻ & മാനേജ്മെന്റ്) ബിൽ– 2019 – ൽ കേന്ദ്ര സർക്കാരിന്റെ അധികാര പരിധി കൃത്യമായി രേഖപ്പെടുത്തണം<br>• നിയമലംഘനം പരിശോധിക്കുന്നതിനുള്ള അധികാരം കോസ്റ്റ്ഗാർഡ്, നേവി എന്നിവരിൽ മാത്രം നിജപ്പെടുത്തി |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കാതെ സംസ്ഥാന ഫിഷറീസ് ഉദ്യോഗസ്ഥരെയും ഇതിനായി നിയോഗിക്കണം.<br>• നിയമലംഘന വിഷയത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം (Adjudication) പ്രിൻസിപ്പൽ മജിസ്ട്രേറ്റ് / മെട്രോ പോളിറ്റൻ മജിസ്ട്രേറ്റ് എന്നിവരിൽ നിന്ന് മാറ്റി ഫിഷറീസ് വകുപ്പിലെ ഉദ്യോഗസ്ഥരെ ഇതിനായി ചുമതലപ്പെടുത്തണം.<br>• തീരുമാനത്തിൽ അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം ഫിഷറീസ് വകുപ്പിൽ (ഫിഷറീസ് ഡയറക്ടറിൽ) നിക്ഷിപ്തമാക്കണം.<br>• ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള അവകാശം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കും അവരുടെ സഹകരണ സംഘങ്ങൾക്കുമായി നിജപ്പെടുത്തണം. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ അതിനായി പ്രാപ്തരാക്കണം.<br>• നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ മത്സ്യത്തൊഴിലാളികളെ വാറന്റില്ലാതെ അറസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ എടുത്ത് കളയണം.<br>• നിയമലംഘനത്തിന്റെ ഗൗരവത്തിനനുസരിച്ച് പിഴയുടെ അളവ് നിശ്ചയിക്കണം.<br>• നിയമലംഘകരിൽ നിന്ന് പിടിച്ചെടുക്കുന്ന മത്സ്യങ്ങളെ വിറ്റഴിക്കുന്നതിനും സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും സുതാര്യമായ സംവിധാനം വേണം. |
| (സി) | സംസ്ഥാന സർക്കാരിന്റെ അധികാര പരിധി 36 നോട്ടിക്കൽ മൈൽ ആക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ, എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | തീരക്കടലിൽ സംസ്ഥാനങ്ങൾക്കുള്ള അധികാര പരിധി (നിലവിലുള്ള 12 നോട്ടിക്കൽ മൈൽ പ്രദേശം) ഉയർത്തണമെന്നത് സംസ്ഥാനങ്ങളുടെ കാലങ്ങളായുള്ള ആവശ്യമാണ്. എന്നാൽ കരട് ബില്ലിൽ ഇത് അനുവദിക്കുന്നില്ല. കരയിൽ നിന്ന് 36 നോട്ടിക്കൽ മൈൽ പ്രദേശം വരെ അധികാര പരിധി സംസ്ഥാന സർക്കാരുകൾക്ക് നൽകാൻ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ